പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2861. 20/06/2013 -ൽ മറുപടിക്ക്

**രജിസ്ട്രേഷൻ വകുപ്പിൽ മുദ്ര വില കുറയ്ക്കാൻ നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി. എൻ. പ്രതാപൻ<br>'' എം. എ. വാഹീദ്<br>'' ഷാഫി പറമ്പിൽ<br>'' തേറമ്പിൽ രാമകൃഷ്ണൻ | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) രജിസ്ട്രേഷൻ വകുപ്പിൽ ഭാഗാധാരം, ഒഴിമുറി, ദാനം, ധനനിശ്ചയം എന്നിവയുടെ മുദ്രവില കുറയ്ക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | എ) ഉണ്ട്.<br>2012-ലെ ഫിനാൻസ് ആക്ട് മുഖേന അച്ഛൻ, അമ്മ, അപ്പുപ്പൻ, അമ്മുമ്മ, ഭർത്താവ്, ഭാര്യ, മകൻ, മകൾ, സഹോദരൻ, സഹോദരി, ചെറുമക്കൾ എന്നിവരുടെ പേർക്കുള്ള ദാനാധാരങ്ങൾക്കും ധനനിശ്ചയാധാരങ്ങൾക്കും, മുദ്രസല 2% എന്നതിനുവിധേയമായി, പരമാവധി 1000 രൂപയായി കുറച്ച് ഉത്തരവായിട്ടുണ്ട്.<br>കൂടാതെ, അച്ഛൻ, അമ്മ, അപ്പുപ്പൻ, അമ്മുമ്മ, ഭർത്താവ്, ഭാര്യ, മകൻ, മകൾ, സഹോദരൻ, സഹോദരി, ചെറുമക്കൾ, മരിച്ചുപോയ മക്കളുടെ നിയമാനുസൃത അവകാശികൾ എന്നിവരുടെ പേർക്കുള്ള ഒഴിമുറികൾക്കും, ഇവർ തമ്മിലുള്ള ഭാഗാധാരങ്ങൾക്കും, മുദ്രസല 1% എന്നതിനുവിധേയമായി, പരമാവധി 1000/- രൂപയായി കുറവ് വരുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| ബി) | ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം ; | ബി) | കുടുംബാംഗങ്ങൾ തമ്മിൽ നടത്തുന്ന ഭാഗ ഉടമ്പടികൾ, കുടുംബാംഗങ്ങളുടെ പേർക്കുള്ള ധനനിശ്ചയാധാരങ്ങൾ ദാനാധാരങ്ങൾ, ഒഴിമുറികൾ എന്നിവയിൻ മേൽ ഉയർന്ന നിരക്കിൽ സ്റ്റാമ്പ് ഡ്യൂട്ടി ഏർപ്പെടുത്തുന്നതുമൂലം ജനങ്ങൾക്കുണ്ടാകുന്ന പ്രയാസങ്ങൾ ലഘൂകരിക്കുക എന്നതാണ് ഇതിന്റെ ഉദ്ദേശ്യലക്ഷ്യം. |
| സി) | ഇവ നടപ്പാക്കുന്നതിന് എത്ര മാത്രം പുരോഗതി കൈവരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ? | സി) | 2012-ലെ ഫിനാൻസ് ആക്ട് മുഖേന, 1959-ലെ കേരള മുദ്രപ്പത്രനിയമം പട്ടികയിലെ ബന്ധപ്പെട്ട ആർട്ടിക്കിളുകളിൽ ഭേദഗതി വരുത്തുകയും, 01/04/2012 മുതൽ ടി ഭേദഗതികൾ സംസ്ഥാനത്ത് നടപ്പിൽ വരുത്തുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ